**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **11-09-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ പ്രകൃതി ദുരന്തത്തിന് അനുവദിച്ച നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബറിലുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പൂഞ്ഞാർ മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | 2021 ഒക്ടോബർ മാസത്തിലെ പ്രളയത്തിലും, ഉരുൾ പൊട്ടലിലും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വീടും, സ്ഥലവും നഷ്ടപ്പെട്ട് അപേക്ഷ സമർപ്പിച്ച 92 കുടുംബങ്ങളിൽ, 91 കുടുംബങ്ങൾക്ക് വസ്തു വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള ഒരു അപേക്ഷകൻ പുതിയ വസ്തു വാങ്ങിയതിനുള്ള ആധാരം ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. 91 ആളുകൾക്ക്, വാങ്ങിയ സ്ഥലത്ത് വീട്ടു നിർമിക്കുന്നതിനായി 95,100/-രൂപ വീതം SDRF ൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്. ഇവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3,04,900/-രൂപ വീതം അനുവദിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വീട് പൂർണ്ണമായും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൂർണ്ണമായും വീട് നഷ്ടമായ 54 കുടുംബങ്ങളിൽ 52 കുടുംബങ്ങൾക്ക് വീട്ടു നിർമ്മിക്കുന്നതിനായുള്ള SDRF വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടുള്ളതാണ്. 54 കുടുംബങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിഹിതം അനുവദിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | പൂർണ്ണമായും വീട് നഷ്ടമായ 54 കുടുംബങ്ങളിൽ 52 കുടുംബങ്ങൾക്ക് വീട്ടു നിർമ്മിക്കുന്നതിനായുള്ള SDRF വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടുള്ളതാണ്. 54 കുടുംബങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിഹിതം അനുവദിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ